പോരിങ്ങോം-വയക്കര പഞ്ചായത്തും ഈസ്റ്റ് എളേരി പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലാട പാലം

256 (4888) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പോരിങ്ങോം-വയക്കര പഞ്ചായത്തും കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലാട പാലം നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തീകരിച്ച് എന്ന് ഉറന്നു കൊടുക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പോരിങ്ങോം-വയക്കര പഞ്ചായത്തും കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലാട പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇരു ഭാഗത്തുമുള്ള സമീപന റോഡിന്റെ നിർമ്മാണം നടന്ന് കൊണ്ടിരിക്കുന്നു. 2015 മാർച്ച് മാസത്തോടെ പ്രവൃത്തി പൂർത്തീകരിച്ച് പാലത്തിൽ കൂടിയുള്ള ഗതാഗതം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പേരാമ്പ്ര-ചെറുവണ്ണൂർ-ചാനിയംകടവ്-വടകര റോഡിന്റെ പുനരുദ്ധാരണം

257 (4889) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര-ചെറുവണ്ണൂർ-ചാനിയംകടവ്-വടകര റോഡിന്റെ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആരാണ് ഈ പ്രവൃത്തി ചെയ്യുന്നതെന്നും, എത്ര കോടി രൂപയുടെ പ്രവൃത്തിയാണെന്നും, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് എത്രകാലം കൊണ്ടാണ് ഇതിന്റെ പണം നൽകേണ്ടതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ടെണ്ടർ അംഗീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്നും ആയതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പേരാമ്പ്ര-ചെറുവണ്ണൂർ-വടകര റോഡിന്റെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിലെ റോഡുകളുടെ ടെണ്ടർ വിളിച്ചപ്പോൾ കരാറുകാർ ക്വോട്ട് ചെയ്ത റേറ്റ് വളരെ കൂടുതലായതിനാൽ റോഡ് പാക്കേജുകൾ ചെറുതായി ടെണ്ടർ നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) പാക്കേജുകളിലെ വലിപ്പം മൂലവും ക്വോട്ട് ചെയ്ത റേറ്റ് കൂടുതലായതിനാലും വലിയ തുക കണ്ടെത്തേണ്ടിവരുമെന്നതിനാലുമാണ് അംഗീകാരം ലഭിക്കാത്തത്. ആയതിനാൽ പാക്കേജുകളുടെ വലിപ്പം കുറച്ച് ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കുന്ദമംഗലം - പെരിങ്ങളം - കുറ്റിക്കാട്ടൂർ റോഡിന്റെ പുനരുദ്ധാരണം

258 (4890) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം - പെരിങ്ങളം - കുറ്റിക്കാട്ടൂർ റോഡിന്റെ പുനരുദ്ധാരണത്തിന് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

4.70 കി.മീ.ദൈർഘ്യമുള്ള കുന്ദമംഗലം-പെരിങ്ങളം-കുറ്റിക്കാട്ടൂർ റോഡിന്റെ 0/000 മുതൽ 1/100 വരെ ബി.എം&ബി.സി പ്രവൃത്തി പൂർത്തീകരിച്ചു. ശേഷിക്കുന്ന ഭാഗത്തിന്റെ പുതുക്കിയ നിരക്കിലുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള റോഡ് നിർമ്മാണം

259 (4891) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല - കുന്നംകുളം നിയോജകമണ്ഡലം ചാവക്കാട് വടക്കാഞ്ചേരി റോഡിലെ കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള ഭാഗം റോഡ് പ്രവൃത്തി ഇനിയും പൂർത്തീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(ബി) ഈ പണി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൊതുമരാമത്ത് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly